ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE:16.12.2025

## പ്രധാനവാർത്തകൾ

1. ജോർദാൻ സന്ദർശനം പൂർത്തിയാക്കി എത്യോപ്യയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. നൊബേൽ ജേതാവും എത്യോപ്യൻ പ്രധാനമന്ത്രിയുമായ അബി അഹമ്മദ് അലിയുമായി ഉഭയകക്ഷി ചർച്ച നടത്തും.

2. സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് തദ്ദേശ തിരഞ്ഞെടുപ്പ് മാറ്റിവച്ച വാർഡുകളിലേക്കുള്ള പ്രത്യേക വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ.

3. തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് വീടുകൾ തോറുമുള്ള വിവര ശേഖരണം മറ്റെന്നാൾ അവസാനിക്കും.

4. മസാല ബോണ്ടുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കിഫ്ബിക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ.

5. സംസ്ഥാനത്ത് കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന് നാളെ തുടക്കമാകും.

RNU TVPM

6. അണ്ടർ 19 ഏഷ്യകപ്പ് ക്രിക്കറ്റിൽ മലേഷ്യക്കെതിരെ ഇന്ത്യക്ക് 315 റൺസിൻറെ കൂറ്റൻ ജയം.

**************

## പാർലമെന്റ്

പാർലമെൻറിൽ നടപടികൾ പുരോഗമിക്കുന്നു. സബ്കാ ബീമാ സബ്കി രക്ഷാ ബില്ലിന് മേൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുകയാണ്. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. ഗ്രാമീണ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട വികസിത് ഭാരത് ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻറ് അജീവിക മിഷൻ ബിൽ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ
ഇന്ന് ലോക് സഭയിൽ
അവതരിപ്പിച്ചു. തിരഞ്ഞെടുപ്പ് പരിഷ്കരണവുമായി ബന്ധപ്പെട്ട ചർച്ചകൾ പൂർത്തിയാക്കി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

**************

## പി എം

ജോർദാൻ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി എത്യോപ്യയിൽ എത്തി. രണ്ട് ദിവസത്തെ സന്ദർശനത്തിനിടെ നൊബേൽ ജേതാവും എത്യോപ്യൻ പ്രധാനമന്ത്രിയുമായ അബി അഹമ്മദ് അലിയുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും. ജോർദാനിൽ നടന്ന ബിസിനസ് ഫോറത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും അബുദുള്ള രണ്ടാമൻ രാജാവും സംയുക്തമായി അഭിസംബോധന ചെയ്തു. ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഇരുവരും പ്രത്യാശ പ്രകടിപ്പിച്ചു. എത്യോപ്യ സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി ഒമാനിലേക്ക് പോകും.

**************

## പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം

RNU TVPM

തദ്ദേശ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ മരണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് വിജ്ഞാപനം നാളെ പുറപ്പെടുവിക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ. തിരുവനന്തപുരം വിഴിഞ്ഞം വാർഡ്, മലപ്പുറം പായിമ്പാടം വാർഡ്, എറണാകുളം ഓണക്കൂർ വാർഡുകളിലേക്കാണ് തിരഞ്ഞെടുപ്പ്. നിലവിൽ സ്ഥാനാർത്ഥികളായിട്ടുള്ളവർ വീണ്ടും പത്രിക സമർപ്പിക്കേണ്ടതില്ല. ഇവിടങ്ങളിൽ മാതൃകാപെരുമാറ്റചട്ടം നിലനിൽക്കും.

അതെസമയം, തദ്ദേശ തിരഞ്ഞെടുപ്പ് ഫലത്തിന് പിന്നാലെ ജീവനൊടുക്കാൻ ശ്രമിച്ച തിരുവനന്തപുരത്തെ യുഡിഎഫ് സ്ഥാനാർത്ഥി മരിച്ചു. അരുവിക്കര ഗ്രാമപഞ്ചായത്തിൽ മത്സരിച്ച വിജയകുമാർ നായരാണ് മരിച്ചത്.

**************

<u>അധ്യക്ഷ തിരഞ്ഞെടുപ്പ്</u>

തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടക്കും. വോട്ടെടുപ്പ് പൂർത്തിയായതിന് ശേഷം വരണാധികാരി അംഗങ്ങളുടെ, കൗൺസിലർമാരുടെ സാന്നിധ്യത്തിൽ വോട്ടുകൾ എണ്ണി ഫലപ്രഖ്യാപനം നടത്തും.

ഭരണസമിതിയുടെ അഞ്ച് വർഷ കാലാവധി ഡിസംബർ 20 ന് പൂർത്തിയാകാത്ത മലപ്പുറം ജില്ലയിലെ വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ സത്യപ്രതിജ്ഞ ഡിസംബർ 22 നും, ചോക്കാട് ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ സത്യപ്രതിജ്ഞ 26 നും നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി.

**************

<u>സി ഇ ഒ</u>

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിൻറെ ഭാഗമായി സംസ്ഥാനത്ത് വീടുകൾ തോറുമുള്ള വിവര ശേഖരണം മറ്റന്നാൾ അവസാനിക്കും. തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ 99.84 ശതമാനം ഇതുവരെ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽകർ അറിയിച്ചു. പൂരുപ്പിച്ച ഫോമുകൾ എത്രയും വേഗം ബിഎൽഒ മാരെ തിരികെ ഏല്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

**************

## എസ്.ഐ.ആർ-മലപ്പുറം (ഇൻട്രോ)

തീവ്ര വോട്ടർ പട്ടിക പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മലപ്പുറം ജില്ലയിലെ 13 നിയമസഭ മണ്ഡലങ്ങളിലും ഡിജിറ്റലൈസേഷൻ നൂറു ശതമാനവും പൂർത്തിയായതായി ജില്ലാ കളക്ടർ വി.ആർ. വിനോദ്.

കരട് പട്ടിക ഈ മാസം 23-ന് പ്രസിദ്ധീകരിക്കുമെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ അറിയിച്ചു.

(വോയിസ് - കളക്ടർ)

**************

## മസാല ബോണ്ട് ഹൈക്കോടതി-

മസാല ബോണ്ടുകൾ വഴി സമാഹരിച്ച ഫണ്ടുകളുടെ വിനിയോഗവുമായി ബന്ധപ്പെട്ട് കിഫ്ബിക്കെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് കേരള ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ. കിഫ്ബിയുടെ ഹർജിയിൽ വിശദമായ വാദം കേൾക്കേണ്ട വിഷയങ്ങളുണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് കേസിന്റെ തുടർ നടപടികൾ താൽക്കാലികമായി നിർത്തിവെക്കാൻ കോടതി ഉത്തരവിട്ടത്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് സമർപ്പിച്ച ഹർജിയിലാണ് കോടതി ഇടപെടൽ.

RNU TVPM

**************

## കാലികൾക്ക് പ്രതിരോധ കുത്തിവയ്പ്-

സംസ്ഥാനത്ത് കന്നുകാലികളിലെ കുളമ്പുരോഗ, ചർമ്മമുഴരോഗ പ്രതിരോധ കുത്തിവെയ്പ്പിന് നാളെ തുടക്കമാകും. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായാണ് കുത്തിവയ്പ്പ്. വയനാട് പൂക്കോട് വെറ്ററിനറി കോളേജ് ഓഡിറ്റോറിയത്തിൽ മന്ത്രി ജെ.ചിഞ്ചുറാണി പ്രതിരോധ കുത്തിവെയ്പ്പിൻറെ സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് നിർവഹിക്കും. 30 പ്രവൃത്തി ദിവസം കൊണ്ട് കുത്തിവയ്പ്പ് യജ്ഞം പൂർത്തീകരിക്കുകയാണ് ലക്ഷ്യം.

**************

## വയോമിത്രം- മനുഷ്യാവകാശ കമ്മീഷൻ

സംസ്ഥാനത്ത് വയോമിത്രം പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നത് ഉചിതമായിരിക്കുമെന്ന് മനുഷ്യാവകാശ കമ്മീഷൻ. ഗുണഭോക്താക്കളുടെ പ്രായം 65ൽ നിന്നും 60 വയസായി കുറയ്ക്കണമെന്ന ആവശ്യത്തിൽ സർക്കാർ അനുഭാവപൂർവ്വം പരിശോധിച്ച് തീരുമാനമെടുക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

RNU TVPM

**************

## അക്രമം -കണ്ണൂർ

കണ്ണൂർ പാനൂരിൽ വടിവാൾ സംഘം അക്രമം നടത്തിയ സംഭവത്തിൽ അഞ്ച് സിപിഐ എം പ്രവർത്തകർ അറസ്റ്റിൽ. പാറാട് സ്വദേശികളായ അമൽ, ശ്രീജു, ജീവൻ, റെനീഷ്, സച്ചിൻ എന്നിവരാണ് പിടിയിലായത്. ഇവരെ കോടതി റിമാൻഡ് ചെയ്തു. അതെസമയം, കണ്ണൂർ പിണറായിയിൽ ഇന്നുണ്ടായ സ്ഫോടനത്തിൽ സിപിഐ എം പ്രവർത്തകൻ വിപിൻ രാജിൻറെ കൈപ്പത്തിക്ക് പരിക്കേറ്റു. സ്ഫോടക വസ്തു കൈയിലിരുന്ന് പൊട്ടുകയായിരുന്നുവെന്ന് പോലീസ് അറിയിച്ചു.

**************

## കേരള ഹൈ കോടതി

ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെയും പാക്കേജ് നിരക്കുകളുടെയും പട്ടിക പ്രാധാന്യത്തോടെ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച കേരള ഹൈക്കോടതി വിധിക്കെതിരെ സമർപ്പിച്ച ഹർജിയിൽ മറുപടി നൽകാൻ സംസ്ഥാന സർക്കാരിന് സുപ്രീകോടതി നിർദേശം. വിധിയെ ചോദ്യം ചെയ്യുള്ള ഹർജി പരിഗണിക്കുകയായിരുന്നു കോടതി. ഹർജി ഫെബ്രുവരി 3 ന് കോടതി വീണ്ടും പരിഗണിക്കും.

**************

<u>ഐ എഫ് എഫ് കെ (ഇൻട്രോ)</u>

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ അഞ്ചാം ദിനം മികച്ച ചിത്രങ്ങൾ കൊണ്ട് സമ്പന്നം. 65 ഓളം ചിത്രങ്ങളാണ് ഇന്ന് മേളയിൽ പ്രദർശനത്തിനെത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.........**

**(വോയിസ്)**

അതെസമയം, പ്രദർശന അനുമതി നിഷേധിച്ച 19 സിനിമകളും ചലച്ചിത്ര മേളയിൽ പ്രദർശിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു.

RNU TVPM

**************

<u>ചലച്ചിത്ര മേള - ശുചിത്വ മിഷൻ</u>

രാജ്യാന്തര ചലച്ചിത്ര മേളയുടെ മുഖ്യ വേദിയിൽ നൂതനാശയങ്ങളുമായി ശുചിത്വ മിഷൻ. ചലച്ചിത്രമേള ഹരിതമേളയായി മാറ്റുന്ന ബോധവൽക്കരണവും ആശയ പ്രചാരണവുമാണ് മിഷൻ നടത്തുന്നത്. മാലിന്യങ്ങളിൽ നിന്ന് നിർമിച്ച ഉപയോഗപ്രദമായ വസ്തുക്കളുടെ പ്രദർശനവും വിപണനവും മുഖ്യ വേദിയായ ടാഗോർ തീയറ്ററിൽ ഒരുക്കിയിട്ടുണ്ട്. മാലിന്യ നിർമാർജനത്തെ കുറിച്ചുള്ള ബോധവത്കരണത്തിനായ് LETS HAVE A WASTE CHAT എന്ന പ്രത്യേക പരിപാടിയും ശുചിത്വമിഷൻ സ്റ്റാളിൽ നടക്കുന്നുണ്ട്.

**************

<u>വയനാട് കടുവ (ഇൻട്രോ)</u>

വയനാട് കണിയാമ്പറ്റ ജനവാസ മേഖലയിൽ ഇറങ്ങിയ കടുവ ഇപ്പോൾ മൂന്ന് കിലോ മീറ്റർ മാറി ചീക്കല്ലൂർ ഭാഗത്തെത്തിയതായി വനവകുപ്പ്. കടുവയെ പുൽപ്പള്ളി പാതിരി വനത്തിലേക്ക് തുരുത്താനാണ് ശ്രമം.

**ആകാശവാണി വയനാട് ജി ല്ലാ പ്രതിനിധി അരുൺ വിൻസെൻറ്. തയ്യാറാക്കിയ റിപ്പോർട്ട്........**

**(വോയിസ്)**

**************

## ആഫ്രിക്കൻ പന്നിപ്പനി

പാലക്കാട് ചാഴിയാട്ടിരിയിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗ വ്യാപനം തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ ഉത്തരവിട്ടു.

തിരുമിറ്റക്കോട്, നാഗലശ്ശേരി, തൃത്താല, ചാലിശ്ശേരി ഗ്രാമപഞ്ചായത്തുകളെയാണ് രോഗ നിരീക്ഷണ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രോഗം സ്ഥിരീകരിച്ച പന്നിഫാമിന് ചുറ്റുമുള്ള ഒരു കിലോമീറ്റർ ചുറ്റളവ് രോഗബാധിത പ്രദേശമായും പ്രഖ്യാപിച്ചിട്ടുണ്ട്.

RNUTVPM

**************

## അണ്ടർ 19 ഏഷ്യാ കപ്പ്

അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ മലേഷ്യക്കെതിരെ ഇന്ത്യക്ക് 315 റൺസിന്റെ കൂറ്റൻ ജയം. ഇന്ത്യ ഉയർത്തിയ 408 റൺ പിന്തുടർന്ന മലേഷ്യയുടെ ബാറ്റിംഗ് 32.1 ഓവറിൽ 93 റൺസിന് അവസാനിച്ചു. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 408 റൺസെടുത്തു. അഭിഗ്യാൻ അഭിഷേക് കുണ്ഡുവിന്റെ ഇരട്ട സെഞ്ചുറിയുടെ മികവിലാണ് ഇന്ത്യൻ സ്കോർ 400 കടന്നത്.

**************

## കെ എസ് ആർ ടി സി.

ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിദിന ടിക്കറ്റ് വരുമാന നേട്ടവുമായി കെ എസ് ആർ ടി സി. ഇന്നലെയാണ് എക്കാലത്തെയും മികച്ച പ്രതിദിന ടിക്കറ്റ്

വരുമാനമായ 10 കോടി 77 ലക്ഷം രൂപ കെഎസ്ആർടിസി നേടിയത്. ടിക്കറ്റിതര വരുമാനം കൂടി ഉൾപ്പെടുത്തുമ്പോൾ ഇത് 11.53 കോടി രൂപയാകും.

**************

## <u>ശബരിമല</u>

മണ്ഡല മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമല സന്നിധാനത്ത് തിരക്ക് തുടരുന്നു. ഈ മാസം 23 ന് ആറന്മുളയിൽ നിന്ന് സന്നിധാനത്തേയ്ക്ക് തങ്കയങ്കിഘോഷയാത്ര ആരംഭിക്കും. 27ന് മണ്ഡലപൂജ നടക്കും. അടുത്തമാസം 14-നാണ് മകരവിളക്ക് മഹോത്സവം.

**************

**************

********

RNU TVPM